**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 429** **08-08-2023 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്ത് ലഹരി ഉൽപ്പന്നങ്ങളുടെ വിപണനവും ഉപയോഗവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് 2021 ജനുവരി മുതൽ 2023 ജൂൺ 30 വരെയുള്ള കാലയളവിൽ എക്സൈസ് വകുപ്പ് പിടിച്ചതും പോലീസ് വകുപ്പ് പിടിച്ചെടുത്ത് എക്സൈസ് വകുപ്പിന് കൈമാറിയതുമായ മയക്കുമരുന്നുകളും (വിഭാഗം തിരിച്ച്), വ്യാജ മദ്യവും സംബന്ധിച്ച കണക്ക് ലഭ്യമാക്കുമോ; | (എ) | 2021 ജനുവരി മുതൽ 2023 ജൂൺ 30 വരെയുള്ള കാലയളവിൽ എക്സൈസ് വകുപ്പ് 30611 കേസുകൾ കണ്ടെടുത്തിട്ടുണ്ട്. കഞ്ചാവ് - 8082.748 കിലോഗ്രാം, കഞ്ചാവ് ചെടി - 1158 എണ്ണം, ഹാഷിഷ് – 4042.828 ഗ്രാം, ഹാഷിഷ് ഓയിൽ - 459.598656 ഗ്രാം, എം.ഡി.എം.എ. - 7603.04589 ഗ്രാം, എൽ.എസ്.ഡി. - 42.6115 ഗ്രാം, എൽ.എസ്.ഡി. സ്റ്റാമ്പ് - 109 എണ്ണം, ബ്രൗൺ ഷുഗർ - 240.5618 ഗ്രാം, മെത്താഫിറ്റാമിൻ - 3390.39 ഗ്രാം, ഹെറോയിൻ - 1394.32 ഗ്രാം, ലഹരി ഗുളികകൾ -1755.546 ഗ്രാം (1187 എണ്ണം), ലഹരി ആംപ്യൂൾസ് - 10 എണ്ണം, ചരസ് – 669.285 ഗ്രാം, ഒപ്പിയം - 76.87 ഗ്രാം, ഒപ്പിയം പോപ്പി - 57 ഗ്രാം, മാജിക് മഷ്റൂം - 1.462 ഗ്രാം, കൊക്കെയിൻ - 24.15 ഗ്രാം, മറ്റ് ലഹരി വസ്തുക്കൾ - 71.7263 ഗ്രാം, വ്യാജമദ്യം – 57082.263 ലിറ്റർ തുടങ്ങിയവ പിടിച്ചെടുത്തിട്ടുള്ളതുമാണ്.<br><br>പോലീസ് വകുപ്പ് പിടിച്ചെടുത്ത് എക്സൈസ് വകുപ്പിന് കൈമാറിയ കേസുകൾ ഒന്നും തന്നെ ഇല്ല. |
| (ബി) | ഇപ്രകാരം പിടിച്ചെടുത്ത ലഹരി ഉൽപ്പന്നങ്ങളുടെ അളവും കണക്കാക്കിയ വിപണി വിലയും എത്രയെന്ന് വിശദമാക്കുമോ; | (ബി) | 2021 ജനുവരി മുതൽ 2023 ജൂൺ 30 വരെയുള്ള കാലയളവിൽ എക്സൈസ് വകുപ്പ് പിടിച്ചെടുത്ത ലഹരി ഉല്പന്നങ്ങളുടെ അളവും കണക്കാക്കിയ വിപണി വിലയും അനുബന്ധമായി ചേർക്കുന്നു. |
| (സി) | മേൽ സൂചിപ്പിച്ച കാലയളവിൽ ഇത് സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസുകൾ എത്രയാണ്; ഇതിൽ എത്രപേരുടെ അറസ്റ്റ് രേഖപ്പെടുത്തി നിയമ നടപടികൾക്ക് വിധേയമാക്കി; ഇനിയും പിടിക്കപ്പെടാൻ ഉള്ളവർ എത്ര; വിശദാംശം വ്യക്തമാക്കുമോ; | (സി) | 2021 ജനുവരി മുതൽ 2023 ജൂൺ 30 വരെയുള്ള കാലയളവിൽ എക്സൈസ് വകുപ്പ് കണ്ടെടുത്ത 30611 കേസുകളിൽ 27710 പ്രതികളെ ഇതുവരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. 2400 പ്രതികളെ ഇനിയും അറസ്റ്റ് ചെയ്യാനുണ്ട്. |
| (ഡി) | ഇത്തരത്തിലുള്ള ലഹരി ഉൽപ്പന്നങ്ങളുടെ വിപണനവും ഉപയോഗവും ഇല്ലാതാക്കാനായി എക്സൈസ് വകുപ്പ് ആഭ്യന്തരവകുപ്പിന്റെ | (ഡി) | ലഹരി ഉൽപ്പന്നങ്ങളുടെ വിപണനവും ഉപയോഗവും ഇല്ലാതാക്കാനായി എക്സൈസ് വകുപ്പ് സ്വന്തം നിലയിലും ആഭ്യന്തര വകുപ്പിന്റെ സഹകരണത്തോടും, |

| | | | |
|---|---|---|---|
| | സഹകരണത്തോടും, സഹായത്തോടും, കൂടാതെ പൊതുജനങ്ങളുടെ സേവനം വഴിയും നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ? | | സഹായത്തോടും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തി വരുന്നു. പോലീസ് സൈബർ സെല്ലിന്റെ സഹായത്തോടെ കാൾ ഡീറ്റയിൽസും, മറ്റു വിവരങ്ങളും ശേഖരിച്ച് കേസുകൾ കണ്ടെത്തുകയും, മയക്കുമരുന്നുകളുടെ ഉറവിടം കണ്ടെത്തുകയും ചെയ്യുന്നു. പോലീസ് വകുപ്പിന്റെ സഹായത്തോടെ ഡോഗ് സ്ക്വാഡിനെ ഉപയോഗിച്ച് വാഹനങ്ങൾ റെയിൽവേ സ്റ്റേഷനുകൾ, പാഴ്സൽ സർവ്വീസുകൾ, ലേബർ ക്യാമ്പുകൾ, അന്തർ സംസ്ഥാന അതിർത്തി പ്രദേശങ്ങൾ, ഹൈവേകൾ എന്നിവിടങ്ങളിൽ പരിശോധന നടത്തിവരുന്നുണ്ട്. സ്കൂളുകളിലും, കോളേജുകളിലും, പൊതുസ്ഥലങ്ങളിലും പോലീസും സ്റ്റുഡന്റ് പോലീസ് കേഡറ്റുമായും സഹകരിച്ച് ബോധവൽക്കരണ ക്ലാസ്സുകളും ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. കൂടാതെ പൊതുജനങ്ങളുടെ പങ്കാളിത്തത്തോടെ പൊതുസ്ഥലങ്ങളിൽ ലഹരിക്കെതിരെ ബോധവൽക്കരണ ക്ലാസ്സുകൾ, റാലികൾ, ലഹരിവിരുദ്ധ സദസ്സുകൾ, മനുഷ്യച്ചങ്ങലകൾ, ലഹരിക്കെതിരായ ദീപം തെളിയിക്കൽ തുടങ്ങിയവ സംഘടിപ്പിച്ചിരുന്നു. ലഹരി ഉല്പന്നങ്ങളുടെ ഉപയോഗവും വിപണനവും തടയുന്നതിനായി പൊതുജനങ്ങളുടെ സഹകരണത്തോടു കൂടി തദ്ദേശസ്വയംഭരണ സ്ഥാപന തലങ്ങളിലും, താലൂക്ക്, ജില്ലാ തലങ്ങളിലും ജനകീയ കമ്മിറ്റികൾ രൂപീകരിച്ച് ജനങ്ങളിൽ ബോധവത്ക്കരണം നടത്തുകയും, അവരിൽ നിന്നും നേരിട്ടും ഫോൺ മുഖാന്തിരവും വാട്സാപ്പ് വഴിയും, നേർവഴി പോർട്ടൽ വഴിയും പരാതികളും വിവരങ്ങളും ശേഖരിച്ച് നടപടികൾ സ്വീകരിച്ച് വരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിലും, വാർഡ്തലത്തിലും രൂപീകരിച്ചിട്ടുള്ള ജനജാഗ്രതാ സമിതികൾ മുഖേന ലഹരിക്കെതിരായ പ്രവർത്തനങ്ങളിൽ പോലീസ് ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകളുടെയും, പൊതുജനങ്ങളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നുണ്ട്. ലഹരിക്കടിമപ്പെട്ടവരെ കണ്ടെത്തുന്നതിനും കൗൺസിലിങ്ങിനും ചികിത്സയ്ക്ക് വിധേയമാക്കുന്നതിനും പൊതുജനങ്ങളുടെ സേവനം പ്രയോജനപ്പെടുത്തി വരുന്നു. ജില്ലാതലത്തിൽ ഡീ അഡിക്ഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. നിംഹാൻസിന്റെ സഹായത്തോടെ കൗൺസിലിംഗ് ജീവനക്കാർക്ക് പരിശീലനം നൽകി വരുന്നു. എക്സൈസിൽ തന്നെ പ്രത്യേകം ക്രൈംബ്രാഞ്ച് രൂപീകരിച്ച് പ്രവർത്തനം നടത്തി വരുന്നു |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ലഹരി ഉല്പന്നങ്ങൾ | അളവ് | അന്താരാഷ്ട്ര വിപണിയിലെ വില (In Rs.) |
|---|---|---|
| കഞ്ചാവ് | 8082.748 കിലോഗ്രാം | 48,49,64,880/- |
| കഞ്ചാവ് ചെടി | 1158 എണ്ണം | |
| ഹാഷിഷ് | 4042.828 ഗ്രാം | 4,04,28,280/- |
| ഹാഷിഷ് ഓയിൽ | 459.598656 ഗ്രാം | 4,59,60,000/- |
| എം.ഡി.എം.എ. | 7603.04589 ഗ്രാം | 3,04,14,000/- |
| എൽ.എസ്.ഡി. | 6115 ഗ്രാം | 2,15,000/- |
| എൽ.എസ്.ഡി. സ്റ്റാമ്പ് | 109 എണ്ണം | 2,18,000/- |
| ബ്രൗൺ ഷുഗർ | 240.5618 ഗ്രാം | 6,01,400/- |
| മെത്താഫിറ്റാമിൻ | 3390.39 ഗ്രാം | 1,35,61,560/- |
| ഹെറോയിൻ | 1394.32 ഗ്രാം | 34,85,800/- |
| ലഹരി ഗുളികകൾ | 1755.546 ഗ്രാം (1787 എണ്ണം) | 3,57,400/- |
| ലഹരി ആംപ്യൂൾസ് | 10 എണ്ണം | 5,000/- |
| ചരസ് | 669.285 ഗ്രാം | 1,39,800/- |
| ഓപ്പിയം | 76.87 ഗ്രാം | 77,000/- |
| ഓപ്പിയം പോപ്പി | 57 ഗ്രാം | 57,000/- |
| മാജിക് മഷ്റൂം | 1.462 ഗ്രാം | 15,000/- |
| കൊക്കയിൻ | 24.15 ഗ്രാം | 48,000/- |
| മറ്റ് ലഹരി വസ്തുക്കൾ | 71.7263 ഗ്രാം | 71,000/- |
| വ്യാജമദ്യം | 57082.263 ലിറ്റർ | 5,70,82,000/- |

സെക്ഷൻ ഓഫീസർ